ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ബഹിരാകാശ മേഖലയ്ക്ക് മാത്രമല്ല, രാജ്യത്തിൻ്റെ സാമൂഹിക-സാമ്പത്തിക വികസനത്തിനും സുപ്രധാന സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   President Draupadi Murmu said that the Indian Space Research Organization has made significant contributions not only to the space sector but also to the socio-economic development of the country.

2. ഒരു രാജ്യത്തിന്റെ ജനാധിപത്യത്തെയും, രാഷ്ട്രമെന്ന നിലയിലുള്ള വളർച്ചയെയും നിർവചിക്കുന്നത് അവിടത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   Criminal Justice System of a Nation Defines the Democracy of the Nation and development as nation says Vice President Jagdeep Dhankar.

3. യുക്രൈനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരബന്ധം, കൃഷി, പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ നടന്നു.

Prime Minister Narendra Modi, who arrived in Ukraine, met with President Volodymyr Zelensky. Talked about Trade relations, agriculture, defence, and health.

4. ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തലിൻറെ പശ്ചാത്തലത്തിൽ ആൻറിബയോട്ടിക്കുകളും വേദന സംഹാരികളും ഉൾപ്പെടെ 156 മരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിച്ചു.

The central government has banned 156 medicines, including antibiotics and painkillers, after they were found to be harmful to health.

5. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നതായി താരസംഘടനയായ A.M.M.A. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കണമെന്നും ആവശ്യം.

Film star organisation A.M.M.A. welcomed the Hema committee report. it is also necessary to implement the recommendations in the report says A.M.M.A.

6. ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൻറെ ക്വാർട്ടർ ഫൈനലിൽ കേരളാ ബ്ലാസ്റ്റേഴ്സ് - ബംഗളൂരു എഫ് സി മത്സരം പുരോഗമിക്കുന്നു.

The match between Kerala Blasters and Bengaluru FC is in progress in the quarter finals of Durand Cup Footbal.

**********************

## REV DAY NATIONAL SPACE DAY

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ബഹിരാകാശ മേഖലയ്ക്ക് മാത്രമല്ല, രാജ്യത്തിൻറെ സാമൂഹിക-സാമ്പത്തിക

വികസനത്തിനും സുപ്രധാന സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഇന്ന് ന്യൂഡൽഹിയിൽ നടന്ന പ്രഥമ ദേശീയ ബഹിരാകാശ ദിനാഘോഷ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ബഹിരാകാശ മേഖലയിലെ വളർച്ച മൂലം ആരോഗ്യം, ഗതാഗതം, പരിസ്ഥിതി, ഊർജം, സുരക്ഷ, ഐടി തുടങ്ങി നിരവധി മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു . ബഹിരാകാശ പര്യവേക്ഷണം മനുഷ്യൻറെ കഴിവുകൾ വർദ്ധിപ്പിക്കുകയും, ഭാവനയെ യാഥാർത്ഥ്യമാക്കി മാറ്റുകയും, പ്രപഞ്ച രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നതായും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഐഎസ്ആർഒയുടെ ചന്ദ്രയാൻ ചന്ദ്രോപരിതലത്തിൽ ഇറങ്ങിയത് എല്ലാ ഇന്ത്യക്കാർക്കും അഭിമാനകരമായ നിമിഷമായിരുന്നുവെന്നും അവർ പറഞ്ഞു. ദേശീയ ബഹിരാകാശ ദിനം ആഘോഷിക്കുന്നത് അഭിനന്ദനാർഹമാണെന്ന് പറഞ്ഞ രാഷ്ട്രപതി ദ്രൗപദി മുർമു, ഇന്ത്യയുടെ ബഹിരാകാശ മേഖലയുടെ വളർച്ച അസാധാരണമാണെന്നും അഭിപ്രായപ്പെട്ടു. ഐ.എസ്.ആർ.ഒ യുടെ റോബോട്ടിക്സ് ചലഞ്ചിലെയും, ഭാരതീയ അന്തരിക്ഷ് ഹാക്കത്തണിലെയും വിജയികൾക്ക് രാഷ്ട്രപതി മുർമു സമ്മാനങ്ങൾ നൽകി.

**********************

## DHANKHAR – CRIMINAL JUSTICE SYSTEM

ഒരു രാജ്യത്തിന്റെ ജനാധിപത്യത്തെയും, രാഷ്ട്രമെന്ന നിലയിലുള്ള അതിന്റെ വളർച്ചയെയും നിർവചിക്കുന്നത് ആ രാജ്യത്തിൻ്റെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ രാജ്യത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയെ ശാക്തീകരിച്ചതായി ഉപരാഷ്ട്രപതി പറഞ്ഞു. ഗുജറാത്തിലെ ഗാന്ധിനഗറിൽ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നീതി ലഭ്യമാക്കുന്നതിലും

നിയമവാഴ്ച ശക്തിപ്പെടുത്തുന്നതിലും ഫോറൻസിക് സയൻസ് നിർണായക പങ്ക് വഹിക്കുന്നുവെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. രാജ്യത്തിൻ്റെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ ആണിക്കല്ലാണ് ഫോറൻസിക് സയൻസെന്നും അത് കേവലം ഒരു സാങ്കേതിക മേഖലയല്ലെന്നും ശ്രീ ധൻഖർ കൂട്ടിച്ചേർത്തു.

**********************

## Prime Minister - Ukraine

യുക്രെനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരബന്ധം, കൃഷി, പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ നടന്നു. യുക്രെൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയ്ക്കൊപ്പം, അദ്ദേഹം കീവിലെ ദേശീയ ചരിത്ര മ്യൂസിയത്തിൽ രക്തസാക്ഷികളായ കുട്ടികളെക്കുറിച്ചുള്ള പ്രദർശനം വീക്ഷിച്ചു. സംഘർഷത്തിൽ കുരുന്നു ജീവനുകൾ പൊലിഞ്ഞതിൽ ദുഃഖം രേഖപ്പെടുത്തിയ ശ്രീ മോദി കുട്ടികളുടെ ഓർമകളോടുള്ള ആദരസൂചകമായി കളിപ്പാട്ടവും സമർപ്പിച്ചു. കീവിലെ മഹാത്മാഗാന്ധി പ്രതിമയിലും അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു. ഗാന്ധിജി നൽകിയ സമാധാനത്തിൻറെ സന്ദേശം, സമകാലിക ലോകം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ മാർഗ്ഗമൊരുക്കുന്നതായി ശ്രീ മോദി പറഞ്ഞു. റഷ്യ-യുക്രെൻ സംഘർഷം നയതന്ത്രമാർഗ്ഗങ്ങളിലൂടെ പരിഹരിക്കണമെന്ന നിലപാട് ഇന്ത്യ ആവർത്തിച്ച് വ്യക്തമാക്കുന്നതിനിടയിലുള്ള പ്രധാനമന്ത്രിയുടെ യുക്രെൻ സന്ദർശനത്തിന് ഏറെ രാഷ്ട്രീയ പ്രാധാന്യമാണുള്ളത്.

**********************

## Medicines Banned

ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തലിൻറെ പശ്ചാത്തലത്തിൽ ആൻറിബയോട്ടിക്കുകളും വേദന സംഹാരികളും മൾട്ടി വൈറ്റാമിനുകളും ഉൾപ്പെടെ 156 മരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിച്ചു. ഇവയുടെ സംയുക്തങ്ങൾ ശരിയായ രീതിയിലുള്ളതല്ലെന്നാണ് കണ്ടെത്തിയത്. ഇവയ്ക്ക് പകരം മരുന്നുകൾ വിപണിയിൽ ലഭ്യമാണ്.

**********************

## SHIVARAJ KISAN SAMVAD (INTRO) (INTRO)

കർഷകരുടെ വരുമാനം ഇരട്ടിയാക്കാനും വിള ഉത്പാദനം വർധിപ്പിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

വിശദാംശങ്ങളിലേയ്ക്ക്.

(വോയ്സ്)

*പ്രധാനമന്ത്രി നരേന്ദ്ര മോദി കാർഷിക പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. കുറഞ്ഞ നിരക്കിൽ വായ്പകൾ അനുവദിക്കുന്ന കിസാൻ ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചത് ശ്രീ. ശിവരാജ് സിംഗ് ചൗഹാൻ ചൂണ്ടിക്കാട്ടി. മിനിമം താങ്ങുവില കൊണ്ട് ഉത്പന്നങ്ങൾക്ക് നല്ല വില ലഭിക്കാൻ സാഹചര്യമൊരുക്കി. കാലാവസ്ഥാ വ്യതിയാനം കൃഷിയെ ബാധിക്കുന്നതിലുള്ള ഉത്കണ്ഠ പ്രകടിപ്പിച്ച മന്ത്രി, ഈട് നിൽക്കുന്ന വിത്തുകൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കി. ഈ വിത്തുകൾ ഹ്രസ്വ കാലയളവിൽ കൂടുതൽ വിളവ് നൽകും. ബിഹാർ തലസ്ഥാനമായ പാട്നയിൽ കിസാൻ സംവാദ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

**********************

## DGCA AIR INDIA

മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ ഉപയോഗിച്ച് വിമാന സർവീസുകൾ നടത്തിയ കുറ്റത്തിന് എയർ ഇന്ത്യക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ 90 ലക്ഷം രൂപ പിഴ ചുമത്തി. ഇതിന് പുറമെ എയർ ഇന്ത്യ ഓപറേഷൻ ഡയറക്ടർക്ക് 6 ലക്ഷം രൂപയും ട്രെയിനിംഗ് ഡയറക്ടർക്ക് 3 ലക്ഷം രൂപയും

പിഴയിട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്നും മുന്നറിയിപ്പ് നൽകി. എയർ ഇന്ത്യ കഴിഞ്ഞ മാസം സമർപ്പിച്ച റിപ്പോർട്ടിലാണ് പിഴവുകൾ ഡിജിസിഎ കണ്ടെത്തിയത്.

## Amma – Press conference

ഹേമ കമ്മിറ്റി റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നതായും, റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ നടപ്പാക്കണമെന്നും താര സംഘടനയായ A.M.M.A.. റിപ്പോർട്ട് പുറത്തു വരുന്നതിനെ A.M.M.A. എതിർത്തിട്ടില്ലെന്നും സംഘടനയുടെ ജനറൽ സെക്രട്ടറി സിദ്ധിക്ക് കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കുറ്റകൃത്യം നടന്നിട്ടുണ്ടെങ്കിൽ കേസെടുത്ത് അന്വേഷണം നടത്തണം എന്നാണ് A.M. M.A യുടെ ആവശ്യം. പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സംഘടനയ്ക്കില്ല. സിനിമാ മേഖലയിലെ വനിതകൾക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യം ഉറപ്പു വരുത്തേണ്ടത് സംഘടനയുടെയും ആവശ്യമാണ്. A. M. M.A യ്ക്ക് എതിരായ റിപ്പോർട്ട് അല്ല ഇതെന്നും, ഒറ്റപ്പെട്ടസംഭവങ്ങളുടെ പേരിൽ ചലച്ചിത്ര മേഖലയെ അടച്ചാക്ഷേപിക്കുന്നതിനോട് എതിർപ്പുണ്ടെന്നും ശ്രീ. സിദ്ധിഖ് പറഞ്ഞു. റിപ്പോർട്ടിൽ പറയുന്ന പവർ ഗ്രൂപ്പിനെ കുറിച്ച് തനിക്ക് അറിയില്ലെന്നും, അദ്ദേഹം പറഞ്ഞു.

**********************

## AMMA 2

ഹേമ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെ ഒറ്റപ്പെട്ട സംഭവങ്ങളെന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറാൻ സാധിക്കില്ലെന്നും, ആരോപണവിധേയർ അഗ്നിശുദ്ധി വരുത്തണമെന്നും A. M. M.A വൈസ് പ്രസിഡൻറും നടനുമായ ജഗദീഷ്. റിപ്പോർട്ടിന്മേൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കമെന്നും അദ്ദേഹം താര സംഘടനയുടെ യോഗത്തിന് ശേഷം പ്രതികരിച്ചു.

**********************

## Durand Cup

ഡ്യൂറണ്ട് കപ്പ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ പുരോഗമിക്കുന്നു. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്ന ഇന്നത്തെ രണ്ടാമത്തെ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്- ബെംഗളൂരു എഫ് സിയെ നേരിടുന്നു.

വൈകിട്ട് നടന്ന മോഹൻ ബഗാൻ സൂപ്പർ ജയന്റ് -പഞ്ചാബ് എഫ് സി മത്സരത്തിൽ മോഹൻ ബഗാന് ജയം. സഡൻ ഡെത്ത് വരെ നീണ്ട മത്സരത്തിനൊടുവിലാണ് മോഹൻ ബഗാൻ സെമിയിലേക്ക് യോഗ്യത നേടിയത്.

**********************

## LANKA ARMY - MITRA SHAKTI

ഇന്ത്യയുടെയും ശ്രീലങ്കയുടെയും സൈന്യങ്ങൾ തമ്മിലുള്ള പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക, ബന്ധങ്ങളെ കൂടുതൽ ശക്തമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംഘടിപ്പിച്ച സംയുക്ത സൈനികാഭ്യാസം- മിത്ര ശക്തി ശ്രീലങ്കയിൽ പുരോഗമിക്കുന്നു. 14 ദിവസത്തെ അഭ്യാസം മറ്റന്നാൾ സമാപിക്കും. ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝായും ശ്രീലങ്കൻ പ്രതിരോധ മന്ത്രി പ്രമിത ബണ്ഡാര തെന്നക്കൂണും മിത്ര ശക്തിയുടെ പത്താം പതിപ്പിലെ അവസാന അഭ്യാസത്തിന് സാക്ഷ്യം വഹിച്ചു.

**********************

## ARAVIND KEJIRIWAL

മദ്യനയ അഴിമതി കേസിൽ അറസ്റ്റ് ചോദ്യം ചെയ്യും, സിബിഐ രജിസ്റ്റർ ചെയ്ത കേസിൽ ജാമ്യം തേടിയും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സമർപ്പിച്ച ഹർജി പരിഗണിക്കുന്നത് സുപ്രിം കോടതി മാറ്റി. മറുപടി സത്യവാങ്മൂലം നൽകാൻ സിബിഐ സമയം തേടിയതിനെ തുടർന്നാണ് കേസ് സെപ്റ്റംബർ 5 ലേക്ക് മാറ്റിയത്.

**********************

## EVE. CBI-R G KAR MEDICAL

പശ്ചിമ ബംഗാളിൽ ആർ ജി കർ ആശുപത്രിയിൽ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ സംഭവത്തിൽ അറസ്റ്റിലായ ഏക പ്രതി സഞ്ജയ് റായെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. നേരത്തെ ഇയാളെ 14 ദിവസം പോലീസ് കസ്റ്റഡിയിൽ വിട്ടിരുന്നു.

പിന്നീട് ഇയാളെ സിബിഐ കസ്റ്റഡിയിൽ വിട്ടു.
കൊൽക്കത്തയിലെ സെൽദ കോടതിയാണ് കേസ് പരിഗണിച്ചത്.

**********************

## CBI RG KAR MEDICAL

വനിതാ ഡോക്ടറെ കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് സമരം ചെയ്യുന്ന റസിഡൻറ് ഡോക്ടർമാർ ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന് പശ്ചിമ ബംഗാൾ ആരോഗ്യ സെക്രട്ടറി നാരായൺ സ്വരൂപ് നിഗം അഭ്യർത്ഥിച്ചു. മെഡിക്കൽ കോളേജിലെ പുതിയ മെഡിക്കൽ സൂപ്രണ്ടിൻറെ ചുമതല വഹിക്കുന്ന വൈസ് പ്രിൻസിപ്പാളും പ്രിൻസിപ്പാളും ജോലിയിൽ പ്രവേശിപ്പിച്ചതായി അദ്ദേഹം പറഞ്ഞു. നെഞ്ച് രോഗ വിഭാഗം മേധാവിയേയും അസിസ്റ്റിൻറ് സൂപ്രണ്ടിനെയും സ്ഥലം മാറ്റിയിട്ടുണ്ട്.

**********************

## PM-MAHARASHTRA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച മഹാരാഷ്ട്രയിലെ ജൽഗാവ് സന്ദർശിക്കും. പതിനൊന്ന് ലക്ഷം ലഖ്പതി ദീദിമാർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. വർഷം ഒരു ലക്ഷം രൂപയോ അതിലധികമോ വരുമാനമുള്ള സ്വയംസഹായ സംഘാംഗത്തെയാണ് ലഖ്പതി ദീദി എന്ന് വിശേഷിപ്പിക്കുന്നത്.

**********************

## BOTSWANA-DIAMOND

വടക്കുകിഴക്കൻ ബോട്സ്വാനയിലെ വജ്ര ഖനിയിൽ 2,492 കാരറ്റിൻ്റെ കൂറ്റൻ വജ്രം കണ്ടെത്തി. ലോകത്തിലെ തന്നെ, രണ്ടാമത്തെ വലിയ വജ്രമായാണ് ബോട്സ്വാന സർക്കാർ ഇതിനെ വിശേഷിപ്പിച്ചത്. സമീപ വർഷങ്ങളിൽ ഇതേ ഖനിയിൽ നിന്ന് കണ്ടെത്തിയ മൂന്നാമത്തെ വലിയ വജ്രമാണിത്.

*********************

**********

*********